

പ്രവാചകനെയും പ്രവാചക സന്ദേശത്തെയും പുഛിച്ചുതള്ളുന്ന അവിശ്വാസികളെ, നാമാവശേഷമായ പൂർവസമുദായങ്ങളുടെ ചരിത്രം ഓർമിപ്പിക്കുകയാണ്. ആ സമുദായങ്ങളൊക്കെ നശിച്ചുപോയത് അവരുടെ പൊതുജീവിതവും സ്വകാര്യജീവിതവും അധർമത്തിലാണ്ടു പോയതിന്റെ ഫലമായിട്ടാണ്.

## ഖുർആൻ ബോധനം

എ.വൈ.ആർ

സൂറ-21

# അൽഅമ്പിയാഅ്

**11.** എത്രയെത്ര നാടുകളെയാണ് നാം തകർത്തുകളഞ്ഞിട്ടുള്ളത്! അതൊക്കെയും അതിക്രമികളായിരുന്നു. അവർക്കുശേഷം മറ്റൊരു സമൂഹത്തെ നാം വളർത്തുകയും ചെയ്തു.

وَكَمْ قَصَمْنَا مِن قَرْيَةٍ كَانَتْ ظَالِمَةً وَأَنشَأْنَا بَعْدَهَا قَوْمًا آخَرِينَ ﴿١١﴾

**12.** നമ്മുടെ ഊറ്റം അനുഭവപ്പെട്ടു തുടങ്ങിയപ്പോൾ അവരതാ അവിടെനിന്ന് കുതിച്ചോടുന്നു.

فَلَمَّا أَحَسُّوا بَأْسَنَا إِذَا هُم مِّنْهَا يَرْكُضُونَ ﴿١٢﴾

**13.** പറയപ്പെട്ടു: ഓടിപ്പോകാതിരിക്കുവീൻ, നിങ്ങളനുഭവിച്ചിരുന്ന സുഖഭോഗങ്ങളിലേക്കും കൊട്ടാരങ്ങളിലേക്കും മടങ്ങിവരുവീൻ. നിങ്ങൾ അന്വേഷിക്കപ്പെടാം.

لَا تَرْكُضُوا وَارْجِعُوا إِلَىٰ مَا أُتْرِفْتُمْ فِيهِ وَمَسَاكِنِكُمْ لَعَلَّكُمْ تُسْأَلُونَ ﴿١٣﴾

**14.** അവർ വിലപിച്ചു തുടങ്ങി. ഹാ കഷ്ടം! ഞങ്ങൾ അതിക്രമകാരികൾ തന്നെയായിരുന്നു.

قَالُوا يَا وَيْلَنَا إِنَّا كُنَّا ظَالِمِينَ ﴿١٤﴾

**15.** നാം അവരെ കെട്ടടങ്ങിയ താളുകളാക്കുവോളം അവരങ്ങനെ തന്നെ വിലപിച്ചുകൊണ്ടിരിക്കും.

فَمَا زَالَت تِّلْكَ دَعْوَاهُمْ حَتَّىٰ جَعَلْنَاهُمْ حَصِيدًا خَامِدِينَ ﴿١٥﴾

**16.** ആകാശഭൂമികളും അവക്കിടയിലുള്ളതും നാം ലീലാവിലാസമായി സൃഷ്ടിച്ചിട്ടുള്ളതല്ല.

وَمَا خَلَقْنَا السَّمَاءَ وَالْأَرْضَ وَمَا بَيْنَهُمَا لَاعِبِينَ ﴿١٦﴾

**17.** ഒരു തമാശയുണ്ടാക്കാനാണ് നാമിഛിച്ചിരുന്നതെങ്കിൽ, അതാണ് നമുക്ക് ചെയ്യാനുണ്ടായിരുന്നതെങ്കിൽ, നമ്മുടെ പക്കൽനിന്നു തന്നെ അതുണ്ടാക്കിക്കൊള്ളുമായിരുന്നു.

لَوْ أَرَدْنَا أَن نَّتَّخِذَ لَهْوًا لَّاتَّخَذْنَاهُ مِن لَّدُنَّا إِن كُنَّا فَاعِلِينَ ﴿١٧﴾

وَكَمْ قَصَمْنَا مِن قَرْيَةٍ = നാടുകളാൽ എത്രയെത്രയെണ്ണത്തെയാണ് നാം തകർത്തുകളഞ്ഞിട്ടുള്ളത്

كَانَتْ ظَالِمَةً = അത്(ഒക്കെയും) അതിക്രമി(കൾ) ആയിരുന്നു وَأَنشَأْنَا = നാം ഉണ്ടാക്കി (വളർത്തുകയും ചെയ്തു)

بَعْدَهَا = അവക്കുശേഷം قَوْمًا ءَاخَرِينَ = മറ്റുള്ളവരായ ജനത്തെ فَلَمَّآ أَحَسُّواْ = അവർക്കനുഭവപ്പെട്ടപ്പോൾ, ബോധ്യമായപ്പോൾ

بَأْسَنَآ = നമ്മുടെ ഊറ്റം, കൊടുമ, ശിക്ഷ إِذَا هُم مِّنْهَا = അവരതാ അവിടെ നിന്ന് يَرْكُضُونَ = കുതിച്ചോടുന്നു

لَا تَرْكُضُواْ = (പറയപ്പെട്ടു) നിങ്ങൾ ഓടിപ്പോകാതിരിക്കുവീൻ وَارْجِعُوٓاْ = തിരിച്ചുവരുവീൻ

إِلَىٰ مَآ أُتْرِفْتُمْ فِيهِ = നിങ്ങൾ സുഖിപ്പിക്കപ്പെട്ടതെന്തിലാണോ അതിലേക്ക്

(അനുഭവിച്ചുകൊണ്ടിരുന്ന സുഖഭോഗങ്ങളിലേക്ക്)

وَمَسَٰكِنِكُمْ = നിങ്ങളുടെ പാർപ്പിട(കൊട്ടാര)ങ്ങളിലേക്കും لَعَلَّكُمْ تُسْـَٔلُونَ = നിങ്ങൾ അന്വേഷിക്കപ്പെട്ടേക്കാം

ഘടകങ്ങൾ വേർപെടുത്തി ദുർബലമാക്കുകയാണ് قصم. അതിൽ നിന്നുള്ള ഭൂതകാലക്രിയയാണ് قصمنا. തകർത്ത് തരിപ്പണമാക്കി എന്നാണിവിടെ ഉദ്ദേശ്യം. നാട് അക്രമിയായിരുന്നു എന്നാൽ നാട്ടുകാർ അധാർമികരും സദാചാരവിരുദ്ധരും സത്യനിഷേധികളുമായിരുന്നു എന്നു താൽപര്യം. حس (ഇന്ദ്രിയജ്ഞാനം)ൽനിന്നുള്ള ക്രിയയാണ് احسوا. അനുഭവവേദ്യമായപ്പോൾ, ബോധ്യപ്പെട്ടപ്പോൾ എന്നാണ് فلما احسوا ന്റെ ആശയം. بأس ഊറ്റവും ശക്തിയും ശിക്ഷയുമാണ്. ഈ സന്ദർഭത്തിൽ മൂന്ന് അർഥവും അനുയോജ്യമാകുന്നു. പാദം മണ്ണിൽ അടിക്കുന്നതിനും അതിവേഗം പേടിച്ചോടുന്നതിനും ركض ഉപയോഗിക്കും. അതിൽനിന്നുള്ള ഭാവികാല ക്രിയാരൂപമാണ് يركض. ഭയാക്രാന്തരായി കുതിച്ചോടുകയാണ് ഇവിടെ ഉദ്ദേശ്യം. സുഖഭോഗ സമൃദ്ധിയാണ് ترف. ഒരാൾ സുഖസൗകര്യങ്ങളാർജിച്ചാൽ ترف الرّجل എന്നുപറയും. ترف യുടെ ആദിയിൽ ഹംസഃ (أ) ചേർത്ത് اترف الرّجل എന്നായാൽ അർഥം അയാൾ സുഖസൗകര്യങ്ങളാർജിച്ച് അതിൽ അഹങ്കരിച്ചു എന്നാകും. ദൈവം അയാളെ സുഖഭോഗങ്ങളാൽ വഞ്ചിതനാക്കി എന്ന അർഥത്തിൽ اترفه الله എന്നുപറയും. أترَف യുടെ കർമവചനമാണ് اترفتم. അതിനെ കർതൃവചനമാക്കുമ്പോൾ أترفكم الله എന്നാകും. 'നിങ്ങൾ അനുഭവിച്ചിരുന്ന അഥവാ അല്ലാഹു നിങ്ങൾക്ക് നൽകിയിട്ടുണ്ടായിരുന്ന സുഖഭോഗങ്ങളിലേക്ക്' എന്നാണ് ഇവിടെ ആശയം. എല്ലാതരം പാർപ്പിടങ്ങളെയും ഉൾക്കൊള്ളുന്നതാണ് مساكن. സുഖഭോഗസമൃദ്ധരായ സമ്പന്നരിലേക്കു ചേർത്തുപറയുമ്പോൾ അത് മണിമേടകളും കൊട്ടാരങ്ങളുമാകുന്നു.

പ്രവാചകനെയും പ്രവാചക സന്ദേശത്തെയും പുഛിച്ചു തള്ളുന്ന അവിശ്വാസികളെ, നാമാവശേഷമായ പൂർവസമുദായങ്ങളുടെ ചരിത്രം ഓർമിപ്പിക്കുകയാണ്. ആ സമുദായങ്ങളൊക്കെ നശിച്ചുപോയത് അവരുടെ പൊതുജീവിതവും സ്വകാര്യ ജീവിതവും അധർമത്തിലാണ്ടു പോയതിന്റെ ഫലമായിട്ടാണ്. നാട്ടുകാർ അക്രമികളായിരുന്നു كانت ظالمة-എന്ന വാക്യം ظلموا انفسهم-അവർ അവരോടുതന്നെ അധർമം പ്രവർത്തിച്ചവരായിരുന്നു-എന്ന വാക്യത്തിനു സമാനമാണ്. അതായത്, അവരുടെ നശീകരണം അല്ലാഹു അവരോടു ചെയ്ത അനീതിയായിരുന്നില്ല; അവർ തന്നെ അവരോട് ചെയ്ത അതിക്രമമായിരുന്നു. ഈ അതിക്രമത്തിൽനിന്ന് അവരെ പിന്തിരിപ്പിക്കാൻ അല്ലാഹു അവന്റെ നിയമമനുസരിച്ച് ചെയ്യേണ്ടതൊക്കെ ചെയ്തിട്ടുണ്ട്. മുന്നറിയിപ്പുകാരും സുവിശേഷകരും സത്യപ്രബോധകരുമായി പ്രവാചകന്മാരെ നിയോഗിച്ചു. ധർമനീതികളനുശാസിക്കുന്ന വേദപ്രമാണങ്ങളവതരിപ്പിച്ചു. പക്ഷേ, താക്കീതുകൾ ചെവിക്കൊള്ളാനോ സുവിശേഷങ്ങൾ സ്വീകരിക്കാനോ വേദപ്രമാണങ്ങളെ മാനിക്കാനോ തയാറാവാതെ ആ ജനങ്ങൾ സ്വന്തം ധിക്കാരത്തിലും ധാർഷ്ട്യത്തിലും ഉറച്ചു നിൽക്കുകയായിരുന്നു. അങ്ങനെ വീണ്ടെടുക്കപ്പെടാൻ അർഹരല്ലെന്നു സ്വയം സ്ഥാപിച്ച ജനതകൾ അവരുടെ നാടുകളിൽ നിന്ന് തുടച്ചുനീക്കപ്പെട്ടു. അവർക്കു പകരം പുതിയൊരു ജനതയെ വളർത്തിക്കൊണ്ടുവരിക അല്ലാഹുവിന്ന് ഒട്ടും ദുഷ്കരമായിരുന്നില്ല. ഈ ലോകത്ത് തങ്ങളുടെ നിലനിൽപ് അനിവാര്യമാണെന്നും തങ്ങളില്ലാതായാൽ ലോകം തന്നെ ഇല്ലാതാകുമെന്നും ആരും കരുതേണ്ട. പൊതുജീവിതത്തിലും സ്വകാര്യ ജീവിതത്തിലും സത്യ-ധർമങ്ങൾ പാലിച്ചുകൊണ്ടും പ്രകൃതിയെയും പരിസ്ഥിതിയെയും സംരക്ഷിച്ചുകൊണ്ടും വാഴുമ്പോൾ മാത്രമേ മനുഷ്യജീവിതം ഭൂമിയുടെ സംസ്കരണവും വികസനവും-اصلاح ഉം عمارة-ആകുന്നുള്ളൂ. ധർമത്തിനും പ്രകൃതിക്കും എതിരായ ജീവിതം ഭൂമിയുടെ നശീകരണം -فساد- ആകുന്നു. നാശകാരികൾ-مفسدون-ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ ഉച്ചാടനം ചെയ്യപ്പെട്ടുകൊണ്ടിരിക്കും. ആ ഉച്ചാടനം ബുദ്ധിയുള്ള മറ്റു ജനതകൾക്ക് പാഠമാകേണ്ടതാണ്. പകരം വന്ന ജനതയും പൂർവികരുടെ കാൽപാടുകളിൽ തന്നെ സഞ്ചരിച്ചാൽ അവരുടെയും പരിണതി പൂർവികരുടേതു തന്നെയായിരിക്കും. വ്യക്തികളായാലും സമുദായങ്ങളായാലും ദൈവത്തെ ഭയക്കാത്തവരും മാനിക്കാത്തവരുമാകുമ്പോൾ സ്വന്തം അസ്തിത്വത്തിന് അമിതമായ പ്രാധാന്യം കൽപിക്കുന്നു.

'ഞാനില്ലെങ്കിൽ പ്രളയം' എന്നാണവരുടെ വിചാരം. ഈ സ്വയം മതിപ്പിനെ നിഷേധിച്ചുകൊണ്ട് പറയുകയാണ്: ആരും വാനോളം വലിയവരോ അനിവാര്യരോ ആണെന്നു കരുതേണ്ട. അല്ലാഹു ഇഛിച്ചാൽ ആരെയും ഇവിടെനിന്നു തുടച്ചുനീക്കി തൽസ്ഥാനത്ത് മറ്റൊരു ജനതയെ സ്ഥാപിക്കുന്നതാണ്.

ഇന്ന് നിങ്ങൾ വലിയ ധാർഷ്ട്യത്തോടെ ദൈവിക ശിക്ഷയെ വെല്ലുവിളിക്കുന്നുണ്ടല്ലോ. ആ നശീകൃത ജനതകളും ഇതുപോലെ ധിക്കാരപൂർവം വെല്ലുവിളിച്ചിരുന്നു. ഒടുവിൽ ശിക്ഷ സ്വന്തം വാതിലിൽ വന്നുമുട്ടിയപ്പോൾ പ്രതിരോധിക്കാൻ അവരുടെ മുമ്പിൽ ഒരുപാധിയുമുണ്ടായിരുന്നില്ല. നാടുവിട്ടോടാനാണവർ ശ്രമിച്ചത്. പക്ഷേ ദൈവിക ശിക്ഷയിൽനിന്ന് ആർക്കാണ് ഓടിപ്പോകാൻ കഴിയുക! അതുപിടികൂടിക്കഴിഞ്ഞാൽ പിന്നെ ആ പിടുത്തത്തിൽനിന്ന് രക്ഷപ്പെടാൻ ഒരാൾക്കും കഴിയില്ല. لَا تَرْكُضُوا എന്നു തുടങ്ങുന്ന വചനം സന്ദർഭത്തിന്റെ പരിഹാസമാണ്. അതായത് അല്ലാഹുവിന്റെ പിടുത്തം അതിന്റെ ഫലിത ഭാഷയിൽ അവരോടു പറയുന്നു: ഓടേണ്ട. ഇനി എങ്ങോട്ടോടാൻ?! ഓടി രക്ഷപ്പെടേണ്ട സന്ദർഭമൊക്കെ കഴിഞ്ഞുപോയി. ഇതുവരെ അനുഭവിച്ച ദൈവദത്തമായ സുഖഭോഗങ്ങളിലേക്കും, ദൈവിക ദൃഷ്ടാന്തങ്ങളെയും അവന്റെ പ്രവാചകനെയും പുഛിച്ചുതള്ളിക്കൊണ്ട് കെങ്കേമന്മാരായി വസിച്ചിരുന്ന മണിമേടകളിലേക്കും കൊട്ടാരങ്ങളിലേക്കും തന്നെ മടങ്ങിപ്പോവുക. അവിടെ പരിചരിക്കാൻ കാത്തുനിൽക്കുന്ന പരിവാരങ്ങളും ആവശ്യങ്ങൾ സാധിപ്പിക്കാനെത്തിയ ആശ്രിതരും കാര്യവിചാരത്തിനെത്തിയ സമശീർഷരുമൊക്കെ നിങ്ങളെ അന്വേഷിക്കുന്നുണ്ടാകും. لَعَلَّكُمْ تُسْأَلُونَ എന്ന വാക്യത്തെ ചില പണ്ഡിതന്മാർ ഇങ്ങനെയും വ്യാഖ്യാനിച്ചിരിക്കുന്നു. തിരിച്ചുവന്ന് സ്വന്തം സമൃദ്ധിയിലും സൗധങ്ങളിലും തന്നെ നിങ്ങൾ ശിക്ഷയനുഭവിച്ചേ പറ്റൂ. ഇതേപ്പറ്റി നാളെ ആരെങ്കിലും അന്വേഷിച്ചാൽ വ്യക്തമായി വിവരിച്ചുകൊടുക്കാൻ നിങ്ങൾക്കു കഴിയണം.

സമൂഹത്തിന്റെ നാശത്തിനു കാരണക്കാരാവുക അതിലെ സമ്പന്നരും സുഖലോലുപരുമാണെന്ന് ഈ സൂക്തങ്ങൾ സൂചിപ്പിക്കുന്നുണ്ട്. അവരെയാണല്ലോ സംബോധന ചെയ്യുന്നത്. സൂറഃ *അൽഇസ്റാഅ്* 16-ാം സൂക്തം ഇക്കാര്യം ഇങ്ങനെ വ്യക്തമാക്കിയിരിക്കുന്നു:

وَإِذَآ أَرَدْنَآ أَن نُّهْلِكَ قَرْيَةً أَمَرْنَا مُتْرَفِيهَا فَفَسَقُوا۟ فِيهَا فَحَقَّ عَلَيْهَا ٱلْقَوْلُ
فَدَمَّرْنَٰهَا تَدْمِيرًا ﴿١٦﴾

(ഒരു നാട് നശിപ്പിക്കണമെന്ന് നാം ഉദ്ദേശിച്ചാൽ അതിലെ സുഖലോലുപരോട് കൽപിക്കുകയായി: അവരതിൽ ധിക്കാരം പ്രവർത്തിക്കുന്നു. അപ്പോൾ ശിക്ഷാവിധി അവരിൽ യാഥാർഥ്യമാകുന്നു. അങ്ങനെ നാം അതിനെ തകർത്തു തരിപ്പണമാക്കുന്നു). ഭോഗതൃഷ്ണയും ആർഭാട ഭ്രമവും സമ്പന്നരെ സത്യധർമങ്ങളുടെയും പ്രകൃതി-പാരിസ്ഥിതിക താൽപര്യങ്ങളുടെയും പരിധികൾ മറികടക്കാൻ ധൃഷ്ടരാക്കുന്നു. ക്രമേണ ഈ രോഗം മറ്റുള്ളവരെയും ഗ്രസിക്കുന്നു. അങ്ങനെ സമൂഹത്തിന്റെ ഉള്ളും പുറവും, ധാർമികമായും ഭൗതികമായും ദുഷിക്കുകയും ഒടുവിൽ തകർന്നടിയുകയും ചെയ്യുന്നു. ■

**14,15**

قَالُوا۟ = അവർ പറഞ്ഞു(വിലപിച്ചു തുടങ്ങി) يَٰوَيْلَنَآ = ഞങ്ങളുടെ നാശമേ, (ഹാ കഷ്ടം!)

إِنَّا كُنَّا ظَٰلِمِينَ = ഞങ്ങൾ അതിക്രമകാരികൾ(തന്നെ) ആയിരുന്നു

فَمَا زَالَت تِّلْكَ دَعْوَىٰهُمْ = അവരുടെ വിളി അതു തന്നെയായി(ഇങ്ങനെ തന്നെ വിലപിച്ചുകൊണ്ടിരുന്നു)

حَتَّىٰ جَعَلْنَٰهُمْ = നാം അവരെ ആക്കുന്നതുവരെ حَصِيدًا = കൊയ്തെടുത്ത താളുകൾ خَٰمِدِينَ = കെട്ടടങ്ങിയവരായ

**പു**ഛിച്ചുതള്ളിയ ദൈവികശിക്ഷയുടെ ദംഷ്ട്രങ്ങളിലമരുമ്പോൾ അവർക്ക് ബോധ്യമാകും: പ്രവാചകൻ സത്യവാനായിരുന്നു. അദ്ദേഹം പ്രബോധനം ചെയ്ത സന്ദേശങ്ങൾ യഥാർഥ ജീവിത മൂല്യങ്ങളായിരുന്നു. അതിനെ തള്ളിപ്പറഞ്ഞ് ജഡികേഛകളെ പിന്തുടർന്നത് മഹാ വിഡ്ഢിത്തമായി. പ്രവാചകനെ ദ്രോഹിക്കുകയും തോൽപിക്കുകയും ചെയ്യുന്നുവെന്നഹങ്കരിച്ചുകൊണ്ട് ചെയ്തുകൂട്ടിയതെല്ലാം തങ്ങൾക്കെതിരായിത്തന്നെ ചെയ്ത അക്രമങ്ങളായിരുന്നു. പ്രവാചക സന്ദേശം സ്വീകരിച്ച് ജീവിതം സംസ്കരിക്കാതിരുന്നത് മഹാകഷ്ടമായിപ്പോയി.

ഭാഷയിൽ دعوى വിളിയും പ്രാർഥനയുമാണ്. പരിദേവനം, വിലാപം, ആവലാതി തുടങ്ങിയ ആശയങ്ങളിലാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. ദൈവികശിക്ഷക്കിരയാകുന്ന സമൂഹം, കൊയ്തെടുത്ത വൈക്കോൽ താളുകൾ കത്തിയെരിഞ്ഞു ചാരമായതു പോലെ നിശ്ചേതനരും നിർജീവരുമായിത്തീരുവോളം നെടുംഖേദത്താലുള്ള ഈ പരിദേവനവും ആവലാതിയും ആവർത്തിച്ചുകൊണ്ടേയിരിക്കുമെന്നാണ് فَمَا زَالَت تِّلْكَ دَعْوَىٰهُمْ എന്ന വാക്യം വ്യക്തമാക്കുന്നത്. പക്ഷേ അതുകൊണ്ട് ഒരു പ്രയോജനവുമില്ല. ഈ ദുർഗതിയെക്കുറിച്ച് മുന്നറിയിപ്പു നൽകാനും അതിൽനിന്നു രക്ഷപ്പെടാനുള്ള മാർഗങ്ങൾ നിർദേശിക്കാനും നേരത്തെ പ്രവാചകവര്യന്മാർ അവരിൽ ആഗതരായതാണ്. അവസാന നിമിഷം വരെ അവരെ തള്ളിപ്പറയുകയും ദ്രോഹിക്കുകയുമാണവർ ചെയ്തത്. ശിക്ഷാ നടപടി ആരംഭിച്ചുകഴിഞ്ഞ ശേഷമുള്ള കുറ്റസമ്മതത്തിനും പശ്ചാത്താപത്തിനും ഒരു വിലയുമില്ല. ■

**16,17**

وَمَا خَلَقْنَا ٱلسَّمَآءَ وَٱلْأَرْضَ = ആകാശഭൂമികളെ നാം സൃഷ്ടിച്ചിട്ടുള്ളതല്ല وَمَا بَيْنَهُمَا = അവക്കിടയിലുള്ളതും

لَٰعِبِينَ = (ലീലാവിലാസമായി) വിനോദിക്കുന്നവരായിട്ട് لَوْ أَرَدْنَآ = നാം ഇഛിച്ചിരുന്നുവെ(ന്നതെ)ങ്കിൽ

أَن نَّتَّخِذَ لَهْوًا = (ആണ്) നാം ഒരു തമാശയുണ്ടാക്കാൻ

لَّٱتَّخَذْنَٰهُ مِن لَّدُنَّآ = നമ്മുടെ പക്കൽ നിന്ന് തന്നെ അതുണ്ടാക്കുമായിരുന്നു

إِن كُنَّا فَٰعِلِينَ = (അതാണ് നമുക്ക് ചെയ്യാനുണ്ടായിരുന്നതെങ്കിൽ) നാം ചെയ്യുന്നവരായിരുന്നുവെങ്കിൽ

**ഇ**നി, മുകളിൽ പറഞ്ഞപോലെ ഈ ലോകത്ത് ചില സമുദായങ്ങളെ ശിക്ഷിക്കുന്നതിന്റെയും, അനന്തരം പരലോകത്തുണ്ടാകുന്ന വിചാരണയുടെയും രക്ഷാശിക്ഷകളുടെയും, ന്യായവും യാഥാർഥ്യവും വിശദീകരിക്കുകയാണ്. ഭൂമിയിലെ രാജാക്കന്മാർ മാനസികോല്ലാസത്തിനുവേണ്ടി വിനോദ ശാലകൾ നിർമിക്കുന്നതുപോലെ അല്ലാഹു നിർമിച്ച ഒരു ഉല്ലാസ ഭവനമല്ല ഈ പ്രപഞ്ചം. മറിച്ച് തന്റെ അനുഗ്രഹം, കാരുണ്യം, സത്യം, നീതി, യുക്തിജ്ഞാനം, ആസൂത്രണ പാടവം തുടങ്ങിയ ഗുണങ്ങളുടെ പ്രകടനാർഥമാണ് ഇത് നിർമിച്ചിട്ടുള്ളത്. സർവസൽഗുണ സമ്പൂർണനാണ് അല്ലാഹു എന്ന യാഥാർഥ്യം അറിയപ്പെടണമെങ്കിൽ ആ ഗുണങ്ങൾ പ്രകാശിതമാകേണ്ടതുണ്ട്. മാത്രമല്ല ആ പ്രകാശനത്തെ മനസ്സിലാക്കാനും മാനിക്കാനും, കഴിയുന്നവരും ഉണ്ടായിരിക്കണം. ഇല്ലെങ്കിൽ അല്ലാഹുവിന്റെ കഴിവുകളും സൃഷ്ടി വൈഭവവുമെല്ലാം കേവലം ആശയതലത്തിൽ മാത്രം നിലനിൽക്കുന്നതായിരിക്കും. അതിനു യാഥാർഥ്യത്തിന്റെ രൂപമുണ്ടാവില്ല. ഒരു കവി, അല്ലെങ്കിൽ കഥാകൃത്ത് യാഥാർഥ്യ ലോകത്ത് കവിയും കഥാകൃത്തുമാകണമെങ്കിൽ അയാൾ കവിതകളും കഥകളും രചിക്കുകയും അതു മറ്റുള്ളവർ ആസ്വദിക്കുകയും വേണം. അതില്ലെങ്കിൽ കവിയുടെ കാവ്യപ്രതിഭയും കഥാകൃത്തിന്റെ കഥനവൈഭവവും സംഭവ ലോകത്ത് യാഥാർഥ്യമില്ലാത്ത കേവലം ആശയങ്ങൾ മാത്രമായിരിക്കും. ഇനി എഴുത്തുകാർ കവിതയും കഥയുമൊക്കെ ധാരാളം എഴുതിയെങ്കിലും അത് ഒരൊറ്റ ആസ്വാദകനും വായിച്ചില്ലെന്നുവെക്കുക. അപ്പോഴും ആ കവന വൈഭവം അറിയപ്പെടുന്നില്ല. ഒരാൾ കവിത രചിച്ച് അചേതന വസ്തുക്കളെയോ തിര്യക്കുകളെയോ വായിച്ചുകേൾപ്പിച്ചതു കൊണ്ടും കാര്യമില്ല, കവിത ആസ്വദിക്കുന്നവരെത്തന്നെ കേൾപ്പിച്ചാലേ അയാളുടെ കവിത്വം അറിയപ്പെടൂ. അല്ലാഹുവിന്റെ സദ്ഗുണങ്ങളും സമ്പൂർണതയും, അറിയപ്പെടുകയും മാനിക്കപ്പെടുകയും ചെയ്യുക എന്ന ലക്ഷ്യത്തിനുവേണ്ടി അതിനനുയോജ്യമായ കൃത്യമായ വ്യവസ്ഥകളോടെ യാഥാർഥ്യമായി സൃഷ്ടിച്ചുവച്ചിട്ടുള്ളതാണ് ഈ പ്രപഞ്ചം. ആദ്യം പദാർഥ മൂലകങ്ങൾ. അതിൽ പലപല പദാർഥങ്ങളായി രൂപപ്പെടാനും വികസിക്കാനുമുള്ള കഴിവും നിയമങ്ങളും നിക്ഷേപിച്ചിരിക്കുന്നു. അതിൽനിന്ന് അചേതനങ്ങളും സചേതനങ്ങളും സുസ്ഥിരങ്ങളും ക്ഷണികങ്ങളുമായ ബഹുവിധ പദാർഥങ്ങൾ ഉണ്ടാക്കുന്നു. ചില വസ്തുക്കൾ ഉണ്ടാവുകയും നശിക്കുകയും വീണ്ടും ഉണ്ടാവുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഈ പ്രക്രിയകൾ സൂക്ഷ്മമായി നിരീക്ഷിക്കുന്നവർക്ക് ഇതെല്ലാം പരസ്പര പൂരകവും ബന്ധിതവും സലക്ഷ്യവുമായി വർത്തിക്കുന്നുവെന്ന് കാണാം. വായുവും വെള്ളവും മണ്ണും ചേർന്ന് വൃക്ഷങ്ങളും സസ്യലതാദികളും ഉൽപാദിപ്പിക്കുന്നു. ആദ്യം പറഞ്ഞ മൂന്നു പദാർഥങ്ങളും അവയിലൂടെ ഉളവാക്കുന്ന സസ്യലതാദികളും ചേർന്ന് ജീവജാലങ്ങളെ വളർത്തുന്നു. ഇപ്പറഞ്ഞവയെല്ലാം ചേർന്ന് ഭൂമിയെ മനുഷ്യവാസത്തിന് അനുയോജ്യമാക്കുന്നു. മനുഷ്യനില്ലെങ്കിൽ മനുഷ്യേതര പദാർഥങ്ങൾക്ക് ഒരു കോട്ടവും വരാനില്ല. പക്ഷേ മനുഷ്യേതര പദാർഥങ്ങളുടെ അഭാവത്തിൽ മനുഷ്യന്റെ നിലനിൽപ് അസാധ്യമാകുന്നു. മനുഷ്യനു മീതെ മനഷ്യനിലൂടെ നിലനിൽക്കുന്ന ഒരു സൃഷ്ടിയുമില്ല. പ്രാപഞ്ചിക പദാർഥങ്ങളെല്ലാം മനുഷ്യനുവേണ്ടി സൃഷ്ടിക്കപ്പെട്ടതാകുന്നു എന്നത്രെ ഈ പ്രക്രിയയിൽനിന്ന് സ്പഷ്ടമാകുന്ന ലളിതമായ യാഥാർഥ്യം. പ്രാപഞ്ചിക വസ്തുക്കൾക്കിടയിലെ ഈ പാരസ്പര്യവും വ്യവസ്ഥാപിതമായ സംവിധാനവും അതിലടങ്ങിയ യുക്തിയുക്തതയെയും നൈതികതയെയും സാക്ഷ്യപ്പെടുത്തുന്നു. ഓരോ സൃഷ്ടിയും സ്രഷ്ടാവിന്റെ സാന്നിധ്യത്തെയും അവന്റെ വൈഭവത്തെയും വെളിപ്പെടുത്തുന്നു. പക്ഷേ ബോധം എന്ന ഗുണമില്ലാത്ത സൃഷ്ടികൾക്ക് തങ്ങളുടെ അസ്തിത്വം സാക്ഷ്യപ്പെടുത്തുന്ന സത്യം സ്വയം വിളിച്ചോതാനുള്ള കഴിവില്ല. ഈ കഴിവുള്ള ഏക ഭൗതിക സൃഷ്ടിയാണ് സൃഷ്ടി ശൃംഖലയുടെ ഇങ്ങേ തലക്കലുള്ള മനുഷ്യൻ. ദൈവത്തെയും അവന്റെ ഗുണങ്ങളെയും ബോധപൂർവം തിരിച്ചറിഞ്ഞ് വെളിപ്പെടുത്തുകയും മഹത്വപ്പെടുത്തുകയും ചെയ്യുക എന്നതാണ് മർത്യജന്മത്തിന്റെ ലക്ഷ്യം. “മനുഷ്യനെയും ജിന്നിനെയും ഞാൻ സൃഷ്ടിച്ചത് അവർ എനിക്ക് ഇബാദത്തുചെയ്യാൻ മാത്രമാകുന്നു” (*അദ്ദാരിയാത്ത്*:56) എന്ന് അല്ലാഹു പറയുന്നത് ഈ ലക്ഷ്യത്തെക്കുറിച്ചാണ്. ഈ ലക്ഷ്യപൂർത്തീകരണമാണ് മനു

ഷ്യനെ ആദരണീയനും ശ്രേഷ്ഠനുമാക്കുന്നത്. മനുഷ്യന്റെയും ഇതര സൃഷ്ടികളുടെയും സൃഷ്ടിഘടനയിലും വാഴ്‌വിലും കാണപ്പെടുന്ന യുക്തിബോധത്തിന്റെയും നൈതികതയുടെയും യാഥാർഥ്യനിഷ്ഠയുടെയും ലക്ഷ്യോന്മുഖതയുടെയും അനിവാര്യ താൽപര്യമാകുന്നു മനുഷ്യൻ കടിഞ്ഞാണില്ലാത്ത കുതിരയെപ്പോലെ വാണുകൂടാ എന്നത്. തന്നിലും ചുറ്റുപാടിലും വിളങ്ങുന്ന നൈതികതക്കും ധാർമികതക്കും അനുയോജ്യമായ ജീവിതക്രമം സ്വീകരിക്കാൻ അവൻ ബാധ്യസ്ഥനാകുന്നു. ഈ ഉത്തരവാദിത്വം, അതു നിറവേറ്റേണ്ട സമയത്തിനുശേഷം ഒരു വിചാരണയെ തേടുന്നു. അതാണ് വിചാരണാനാൾ يوم الحساب. അന്ന് മനുഷ്യന് കർമഫലം-ദൈവത്തെ തിരിച്ചറിഞ്ഞ് അവന്റെ അഭീഷ്ടമനുസരിച്ച് ജീവിതം നയിച്ചവർക്ക് അതിനുള്ള പ്രതിഫലം ലഭിക്കുന്നു. പ്രാപഞ്ചിക പ്രതിഭാസങ്ങളുടെ സഹായവും ബുദ്ധിയും അതിനുപുറമെ ദൈവദൂതന്മാരുടെ മാർഗദർശനവും എല്ലാം ഉണ്ടായിട്ടും ദൈവത്തെയും അവന്റെ അഭീഷ്ടങ്ങളെയും തിരിച്ചറിയുകയോ മാനിക്കുകയോ ചെയ്യാതെ അവിദ്യയിൽ മതിച്ചുവാണവർ അതിന്റെ ദുഷ്ഫലവും നേരിടുന്നു.

ഇതാണ് ആകാശഭൂമികളുടെയും അവക്കിടയിലുള്ളതിന്റെയും-പ്രപഞ്ച സാകല്യത്തിന്റെ - സൃഷ്ടിയിലുള്ള യാഥാർഥ്യം. പ്രപഞ്ച സൃഷ്ടി ദൈവത്തിന്റെ നേരംപോക്കോ മായാവിലാസമോ ആണെന്ന അബദ്ധസങ്കൽപത്തിന് ഇടം ലഭിക്കുന്നത് ഈ യാഥാർഥ്യത്തെ നിഷേധിക്കുമ്പോഴാണ്. സർവവും തികഞ്ഞ സദാനന്ദനാണ് ദൈവം. വിനോദവും തമാശയും സംഘടിപ്പിച്ച് ഉല്ലാസം തേടുക മടുപ്പും മുഷിപ്പും ചടപ്പും ക്ഷീണവുമൊക്കെ ബാധിക്കുന്ന മനുഷ്യന്റെ പ്രകൃതിയാണ്. ഈ ദൗർബല്യങ്ങളൊന്നും ഏശാത്ത അസ്തിത്വമാണ് ദൈവം. അഥവാ അവന്ന് ഒരുല്ലാസം വേണമെങ്കിൽ അതു തന്നിൽതന്നെ ഉളവാക്കാവുന്നതേയുള്ളൂ. കോടാനുകോടി സൃഷ്ടികളെ സൃഷ്ടിച്ച് സുഖദുഃഖങ്ങൾക്കും ജനിമൃതികൾക്കും വിധേയരാക്കി ഉല്ലാസം നേടേണ്ട കാര്യം അവന്നില്ല. പൗരാണിക റോമാ ചക്രവർത്തിമാർ തങ്ങളുടെ നിസ്സഹായരായ അടിമകളെ വിശക്കുന്ന സിംഹങ്ങളുമായി പോരടിപ്പിച്ച് സിംഹങ്ങൾ ആ പാവങ്ങളെ കടിച്ചുകീറുന്നത് കണ്ട് രസിച്ചിരുന്നതായി ചരിത്രം പറയുന്നു. ജനിമൃതികളും സുഖദുഃഖങ്ങളും നിറഞ്ഞ ഈ ലോകം ദൈവത്തിന്റെ ലീലാവിലാസമാണെന്ന് പറയുന്നവർ- നഊദു ബില്ലാഹ്-അല്ലാഹുവിനെ അത്തരം ക്രൂരരായ രാജാക്കന്മാരോട് സമീകരിക്കുകയാണ്. ഈ ലോകത്ത് സത്യസന്ധനും കള്ളനുമുണ്ട്. വിശ്വസ്തനും വഞ്ചകനുമുണ്ട്. നന്ദിയുള്ളവനും നന്ദികെട്ടവനുമുണ്ട്. നീതിമാനും നീതിനിഷേധിയുമുണ്ട്. ഈ അവസ്ഥയിൽ യഥാർഥ നീതി പുലരുന്ന ഒരുനാൾ ഇല്ലെന്നുവന്നാൽ ഈ ലോകം പുരാതന റോമൻ ചക്രവർത്തിമാരുടെ തിയേറ്റർ പോലുള്ള ഒന്നാണെന്നു തന്നെ സമ്മതിക്കേണ്ടിവരും. ഈ മൂഢ സങ്കൽപത്തെ നിഷേധിക്കുകയാണീ സൂക്തങ്ങൾ. ഒപ്പം സത്യംപുലരുകയും അസത്യം തകരുകയും ചെയ്യുന്ന ഒരുനാൾ ഉണ്ടാവേണ്ടതനിവാര്യമാണെന്ന് സൂചിപ്പിക്കുകയും ചെയ്യുന്നു. അങ്ങനെ ഒരു ദിനം ഉണ്ടാകുന്നില്ലെങ്കിൽ ഈ ലോകം വെറുമൊരു കളിക്കോപ്പാണെന്നു തന്നെയാണതിനർഥം. അതാവട്ടെ പ്രപഞ്ച സ്രഷ്ടാവിന്റെ മഹത്വത്തിന് നിരക്കാത്തതുമാണ്. അല്ലാഹു പരമദയാലുവും കരുണാവാരിധിയും ആർത്തത്രാണനുമാണല്ലോ. ഒരു കാര്യവുമില്ലാതെ കുറെ അടിമകളെ സൃഷ്ടിച്ച് ദുഃഖത്തിനും പീഡനത്തിനും മരണത്തിനും വിധേയരാക്കുക ഈ മഹിതഗുണങ്ങൾക്കെല്ലാം വിരുദ്ധമാകുന്നു. പ്രപഞ്ചസൃഷ്ടി ദൈവത്തിന്റെ കേവല ലീലയാണെന്ന അബദ്ധസങ്കൽപത്തിന്റെ നിഷേധം ഊന്നിപ്പറയുകയാണ് إِن كُنَّا فَٰعِلِينَ എന്ന വാക്യം. ഇതിലെ إن 'എങ്കിൽ' എന്ന അർഥത്തിലുള്ളതാകാം. നിഷേധാർഥത്തിലുള്ളതുമാകാം. إن നിഷേധ പദമായി എടുത്താൽ 'നാം അത്തരം നിരർഥക കാര്യങ്ങൾ ചെയ്യുന്നവനല്ല' എന്നാകും അർഥം. إنനെ എങ്കിൽ എന്ന അർഥത്തിലെടുത്തുകൊണ്ടുള്ള വ്യാഖ്യാനമാണ് കൂടുതൽ പ്രബലം. വിഗ്രഹാരാധകർ പൊതുവിൽ തങ്ങളുടെ ദേവീദേവന്മാരുടെ വിനോദശാലയായിട്ടാണ് ഈ പ്രപഞ്ചത്തെ കണ്ടത്. ഈ ലോകത്തെ, ഭഗവാന്റെ ലീലയായി ഹൈന്ദവദാർശനികരും വിലയിരുത്തുന്നുണ്ട്. ലോകാവസാനത്തെക്കുറിച്ചോ സൃഷ്ടികളുടെ വിചാരണയെക്കുറിച്ചോ ഇക്കൂട്ടർക്കൊന്നും വ്യക്തമായ ധാരണയില്ല. അവരുടെ ദൃഷ്ടിയിൽ ദേവീദേവന്മാരുടെ അല്ലെങ്കിൽ ഭഗവാന്റെ ഒരു തമാശയാണീ പ്രപഞ്ചം. അതിൽ സൃഷ്ടികൾ പരസ്പരം കൊല്ലുന്നു, രക്ഷിക്കുന്നു, സുഖിക്കുന്നു, ദുഃഖിക്കുന്നു. സൃഷ്ടി ലോകം ഇങ്ങനെ കടിപിടി കൂടി നേടിയും നഷ്ടപ്പെട്ടും, ചത്തും കൊന്നും വാഴുന്നതു കണ്ട് രസിക്കുകയാണ് സ്രഷ്ടാവ്.

തികഞ്ഞ അസംബന്ധമായതിനാൽ, ആധുനികരായ നാസ്തികരും നിർമതരും പ്രത്യക്ഷത്തിൽ ഇങ്ങനെ വാദിക്കാറില്ല. എങ്കിലും ഉയിർത്തെഴുന്നേൽപിനെയും, നീതിയും ന്യായവും സാക്ഷാത്കരിക്കപ്പെടുന്ന നാളിനെയും അംഗീകരിക്കാൻ വിസമ്മതിക്കുമ്പോൾ അവരുടെ മനസ്സിലും മൗലികമായി കുടിയിരിക്കുന്നത് ഇതേ സങ്കൽപമാണ്. ഉയിർത്തെഴുന്നേൽപിനെ നിഷേധിക്കുന്നതിന്റെ മറ്റൊരു ഭാഷ്യം ഈ ലോകം കുട്ടികളുടെ കളിക്കോപ്പാണെന്നു തന്നെയാകുന്നു. സൃഷ്ടിപ്രപഞ്ചം സത്യത്തിലും നീതിയിലും അധിഷ്ഠിതമാകുന്നു എന്നതിന്റെ ന്യായമാണ് പരലോക വിശ്വാസം. ഭാര്യാഭർതൃ ബന്ധം പോലെയാണ് ഇഹവും പരവും തമ്മിലുള്ള ബന്ധം. ദമ്പതികളിലൊരാൾ മറ്റേയാളിൽനിന്നന്യമാക്കപ്പെട്ടാൽ ഭാര്യ ഭാര്യയായിരിക്കുന്നതിലോ ഭർത്താവ് ഭർത്താവായിരിക്കുന്നതിലോ അർഥമില്ല. ദാമ്പത്യത്തിന്റെ യുക്തിയും താൽപര്യങ്ങളും മനസ്സിലാക്കാൻ സാധിക്കുകയുമില്ല.

■